# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3467 — 23.06.2014-ൽ മറുപടിയ്ക്ക്

## ആദിവാസി ഊരുകളിലും തൊഴിൽ കേന്ദ്രങ്ങളിലും പോലീസ് സേവനം

| ചോദ്യം<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) അതിർത്തി ഗ്രാമങ്ങളിൽ ആദിവാസികൾ ഇപ്പോഴും അടിമത്തത്തിൽ കഴിയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) ഭൂവുടമകളിൽ നിന്നും അവർക്ക് ജീവനു ഭീക്ഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) ചിറ്റൂർ താലൂക്കിലെ മീനാക്ഷിപുരത്ത് മണിമേഖലയെന്ന ആദിവാസി പെൺകുട്ടി ക്രൂര പീഡനത്തിനിരയായി മരിച്ചതു സംബന്ധിച്ച് അന്വേഷണം നടത്തുമോ; | (സി) മണിമേഖലയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് ചിറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 461/14 ആയി ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതിയായ സെന്തിൽവേലനെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്. |
| (ഡി) തോട്ടം ഉടമകൾ ഉൾപ്പെടെയുള്ളവരിൽ നിന്നും ഭീഷണി നേരിടുന്ന ആദിവാസികൾക്ക് പരാതി പറയാൻ പോലും ഭയമാണെന്നതും പോലീസ് സംവിധാനം അവരുടെ സുരക്ഷയ്ക്ക് എത്തുന്നില്ലെന്നതും ആയ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ആദിവാസി ഊരുകളിലും തൊഴിൽ കേന്ദ്രങ്ങളിലും പോലീസ് സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ആദിവാസി ഊരുകളിലും തൊഴിൽ കേന്ദ്രങ്ങളിലും പോലീസിന്റെ സേവനം ലഭ്യമാകുന്നുണ്ട്. ജനമൈത്രി പോലീസ് സംവിധാനത്തിലൂടെ ഇവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും, പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. |

Rema.V

**സെക്ഷൻ ഓഫീസർ**